4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താല്പര്യവും, പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനത്തിലൂടെ കർഷകരിൽ എത്തിക്കുന്നു.

(സി) കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാർ ഇതിനായി പ്രവർത്തിക്കുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം

170 (3454) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിന് വേണ്ടി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായത്തിൽ ഭീമമായ വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഇകയാണ് ഇത്തരത്തിൽ പ്രതി ഹെക്ടറിന് തരിശ് നിലകൃഷി പോഷണത്തിനായി നൽകി വരുന്നതെന്നും മുൻകാലങ്ങളിലെക്കാൾ എത്ര ശതമാനം കുറവ് ഇതിൽ വരുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ കുറവ് വരുത്തുന്നതിന് ഉണ്ടായിട്ടുള്ള സാഹചര്യം എന്തെന്ന് വിശദമാക്കുമോ ;

(ഡി) അനുബന്ധ തീരുമാനമെടുക്കുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഇ) കർഷകർക്കുള്ള ഈ ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഉല്പാദനോപാധികളുടെ ചെലവിന് ഹെക്ടറിന് 7500 രൂപയും കൃഷി ചെലവിന് ഹെക്ടറിന് 4,000 രൂപയുമാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ചാണ് ധനസഹായത്തിന് വെട്ടിക്കുറവ് നടത്തിയിട്ടുള്ളത്.

(ബി) 2012-13 വർഷം ആർ.കെ.വി.വൈ. കരാർ കൃഷി പദ്ധതി പ്രകാരം 400 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ അധികമായി ആവശ്യപ്പെട്ട 605 ഹെക്ടറിന് 15,000 രൂപയും അനുവദിക്കുകയുണ്ടായി. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം തരിശുനില നെൽകൃഷിക്കായി ഹെക്ടറിന് 30,000 (368.14) ഹെക്ടർ രൂപ ക്രമത്തിൽ സഹായം ലഭിച്ചിട്ടുണ്ട്.

2013-14 വർഷം ഹെക്ടറിന് 30,000 രൂപ ധനസഹായം 1653.95 ഹെക്ടറിലേയ്ക്ക് ലഭിക്കുകയും പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്ത് തരിശുനില കൃഷി നടപ്പിലാക്കുന്നതിനായി 250 ഹെക്ടറിലേക്ക് 30,000 രൂപ ക്രമത്തിൽ സബ്സിഡി ലഭിക്കുകയുണ്ടായി. എന്നാൽ 2014-15 വർഷത്തേയ്ക്ക് ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി 1550 ഹെക്ടർ തരിശുനിലം നെൽകൃഷി യോഗ്യമാക്കുന്നതിനായി ഹെക്ടറിന് 11,500 രൂപ അനുവദിക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി പ്രകാരം 166.67 ഹെക്ടറിന് 30,000 രൂപയും അനുവദിക്കുകയുണ്ടായി. എന്നാൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച തുക മുൻ വർഷത്തേക്കാൾ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സഹായത്തോടുള്ള ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഉല്പാദനോപാധികളുടെ ചെലവിനത്തിൽ ഹെക്ടറിന് 7,500 രൂപയും കൃഷി ചെലവിനായി ഹെക്ടറിന് 4,000 രൂപയും എന്ന ക്രമത്തിൽ ആകെ 11,500 രൂപയാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര നിർദ്ദേശമനുസരിച്ചാണ് 2014-15 വർഷം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 11,500 രൂപയായി നിജപ്പെടുത്തിയത്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ഇ) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ തലത്തിലാണ് തീരുമാനമെടുക്കേണ്ടത്.

കർഷക രജിസ്ട്രേഷൻ

171 (3455) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; കർഷകർക്ക് രജിസ്ട്രേഷൻ കാർഡ് നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകരുടെ വിവരം, കാർഷിക ഭൂമിയുടെ വിസ്തീർണ്ണം, വിളകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡ പ്രകാരം ലഭ്യമായ എല്ലാ കൃഷിഭൂമികളുടെയും വിളകളുടെയും ഉടമകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ശേഖരിച്ചു കഴിഞ്ഞോ ; എങ്കിൽ പ്രസ്തുത വിവരങ്ങൾ കർഷകരുടെ അറിവിലേയ്ക്കും തിരുത്തലുകൾ വരുത്തുന്നതിനുമായി ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly